**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2688** **13-02-2024 - ൽ മറുപടിയ്ക്ക്**

**അത്താണിയിലെ വ്യവസായ പദ്ധതികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | അത്താണി കെൽട്രോൺ പവർ ഡിവൈസിന് കൂടുതൽ സ്ഥലം ലഭ്യമാക്കാനുള്ള നടപടി എത് വരെയായി എന്ന് വ്യക്തമാക്കാമോ; | (എ) | അത്താണി കെൽട്രോൺ പവർ ഡിവൈസസ് പ്രൈവറ്റ് ലിമിറ്റഡിന്റെ പേരിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ CP 40/2001 എന്ന നമ്പരിൽ ആസ്തി ബാധ്യത സംബന്ധിച്ച കോടതി വ്യവഹാരങ്ങൾ ഉണ്ട്. കമ്പനി നിയമം 1956 പ്രകാരം ഏറ്റെടുത്ത വസ്തുക്കൾ കൈവശം കിട്ടുന്നതിനായി കെൽട്രോൺ 2017-ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.<br><br>കെൽട്രോൺ, വസ്തു കൈവശം കിട്ടുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷ ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളുകയും, കമ്പനീസ് ആക്ട് 1956-ൽ സെക്ഷൻ 391 മുതൽ 394 വരെ നിഷ്കർഷിച്ചിരിക്കുന്ന ഫോർമാറ്റ് പ്രകാരമുള്ള പുതിയ അപേക്ഷ നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലുള്ള സ്ഥലം ലിക്വിഡേറ്ററുടെ കയ്യിൽ നിന്നും തിരികെ ലഭിച്ചതിനുശേഷം ഭാവിയിൽ നടത്തുവാൻ പോകുന്ന വ്യാവസായിക വികസന പദ്ധതിയുടെ അടിസ്ഥാനത്തിൽ മാത്രമേ കൂടുതൽ സ്ഥലം വേണ്ടി വരുമോ എന്നത് അറിയുവാൻ കഴിയൂ. |
| (ബി) | അത്താണി സിൽക്കിന്റെ സ്ഥലം പ്രയോജനപ്പെടുത്തി പുതിയ വ്യവസായം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | സിൽക്കിന്റെ അത്താണിയിലുള്ള സ്ഥലത്ത് സിൽക്കിന്റെ തന്നെ പുതിയ പ്രോജക്ട് ആയ പ്രെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന്റെ നടപടി ക്രമങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. സിൽക്കിന്റെ പുതിയ കോർപ്പറേറ്റ് ഓഫീസ് കെട്ടിടം ഈ സ്ഥലത്താണ് നിർമ്മിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. കൂടാതെ സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി സിൽക്കിന്റെ വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതും അത്താണിയിലുള്ള സ്ഥലത്താണ്. |
| (സി) | തൃശ്ശൂർ നിയോജകമണ്ഡലത്തിലെ പുഴയ്ക്കലുള്ള | (സി) | തൃശ്ശൂർ പുഴയ്ക്കലുള്ള കിൻഫ്രയുടെ ഭൂമി പരിവർത്തനം |

| | | | |
|---|---|---|---|
| | കിൻഫ്രായുടെ 30 ഏക്കർ സ്ഥലം വ്യവസായത്തിന് ഉപയോഗിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ? | | ചെയ്ത് വ്യവസായ പാർക്ക് നിർമ്മിക്കുവാൻ 05.01.2024 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം.3/2024/AGRI പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. ഇതേ തുടർന്ന് എസ്റ്റിമേറ്റ് തയ്യാറാക്കി നോളെഡ്ജ് പാർക്ക് നിർമ്മാണത്തിന് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ